**18103142** (Pages : 2) Reg. No...............................

Name...................................

# B.A. DEGREE (C.B.C.S.) EXAMINATION, JUNE 2018

## Second Semester

Malayalam Language and Literature

Core Course : ML2 CRT 02—MALAYALA KAVITHA—EZHUTHACHAN MUTHAL KAVITHRAYAM VARE

(Common to C.B.C.S. Model I B.A. Malayalam Language and Literature, Model II Malayalam Copy Editing and Copy writing)

[2017 Admission onwards]

Time : Three Hours Maximum : 80.Marks

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.

1. വിലാപകാവ്യം എന്നാലെന്ത് ?

2. "ക്ഷിതിയിപഹഹ! മർത്ത്യജീവിതം
   പ്രതിജനഭിന്ന വിചിത്ര മാർഗ്ഗമാം"

   —വിശദീകരിക്കുക.

3. 'കേശവീയം' എന്ന കാവ്യത്തിന്റെ പ്രത്യേകതകൾ എഴുതുക.

4. പച്ച മലയാള പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

5. വെണ്മണിക്കവികളുടെ പൊതു സ്വഭാവങ്ങൾ എന്തെല്ലാം ?

6. "പൂക്കളേ പൂക്കളേ നിങ്ങൾക്കെൻ കൂപ്പുകൈ
   പാർക്കുകിൽ നിങ്ങളെൻ ദേവതമാർ"

   —സാരസ്യം വ്യക്തമാക്കുക.

7. കീർത്തനസാഹിത്യം എന്തെന്ന് വിശദീകരിക്കുക.

8. "നിന്നുടെ ജീവിതം മോശമെന്നല്ലി ഞാൻ
   ചൊന്നതെന്നോമനേ ? മാപ്പു നൽകൂ"

   —ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.

9. "തത്ത്വജ്ഞന്മാർക്കു സുഖദുഃഖ ഭേദകങ്ങളൊന്നും
   ചിത്തേ തോന്നുകയുമില്ല ജ്ഞാനമില്ലായ്കയാൽ"

   —ഈ വരികളിലെ ദർശനം വ്യക്തമാക്കുക.

Turn over

10. 'കവിരാമായണ'ത്തിൽ പരാമർശിക്കുന്ന കവികളെ പരിചയപ്പെടുത്തുക.
11. മാപ്പിളപ്പാട്ടുകളുടെ സാമൂഹിക പശ്ചാത്തലം വിവരിക്കുക.
12. നതോന്നത വൃത്തത്തിന്റെ സവിശേഷത എഴുതുക.

(10 × 2 = 20 marks)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.

13. മഹാകവി ഉള്ളൂർ പനിനീർപ്പൂവിൽ പ്രതിഫലിച്ചു കണ്ട ജീവിതചിത്രങ്ങൾ എന്തെല്ലാം ?
14. 'മുഹ്‌യിദ്ദീൻ മാല'യിലെ പ്രമേയപരമായ പ്രത്യേകതകൾ വിശദീകരിക്കുക.
15. ആരണ്യകാണ്ഡത്തിലെ രാമവിലാപം ചുരുക്കി എഴുതുക.
16. പുത്തൻപാനയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുക.
17. പച്ചമലയാള പ്രസ്ഥാനം കരുത്താർജ്ജിക്കാതെ പോയതിന് കാരണങ്ങളെന്തെല്ലാമായിരുന്നു ?
18. തിരൂർ-പൊന്നാനിപ്പുഴ എന്ന കാവ്യത്തിന്റെ പ്രത്യേകത വിവരിക്കുക.
19. മഹാകാവ്യത്തിന്റെ ലക്ഷണമെഴുതി 'കേശവീയ'ത്തെ വിലയിരുത്തുക.
20. അറബിമലയാളം എന്നാലെന്തെന്ന് വിശദമാക്കുക.
21. 'ഒരു വിലാപ'ത്തിലെ ആദ്യശ്ലോകം കാവ്യാനുഭവത്തിനനുരൂപമായ പശ്ചാത്തലം ഒരുക്കുന്നുണ്ടോ ? വിലയിരുത്തുക.

(6 × 5 = 30 marks)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.

22. ആധുനിക കവിത്രയം മലയാള കവിതയിൽ വരുത്തിയ പരിവർത്തനത്തെപ്പറ്റി ഉപന്യസിക്കുക.
23. എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.
24. കുചേലവൃത്തം വഞ്ചിപ്പാട്ടിന് മലയാള കവിതയുടെ ചരിത്രത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.
25. മുക്തക കാവ്യപ്രസ്ഥാനത്തെപ്പറ്റി വിവരിക്കുക.

(2 × 15 = 30 marks)